/262457/2023

"ഭരണഭാഷ – മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,
തിരുവനന്തപുരം
തീയതി: 11-01-2023

**DT/56/2023-E3**

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് -ട്രെയിനിംഗ് ഡയറക്ടറേറ്റ്-2022 ഡിസംബർ 31 വരെയുള്ള കാലയളവിലെ സ്റ്റോറും സ്റ്റോക്കും പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച് -

സൂചന:- ഉദ്ഭവം

വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിലെ ഓഫീസ് മേധാവികൾ 31-12-2022 വരെയുള്ള കാലയളവിലെ 100 % സ്റ്റോറും സ്റ്റോക്കും പരിശോധന നടത്തി റിപ്പോർട്ട് KFC Form 8 A അനുശാസിക്കുന്ന സർട്ടിഫിക്കറ്റ് രേഖപ്പെടുത്തി 2023 മാർച്ച് 15 ന മുൻപ് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതും ആയതിന്റെ ഒരു പകർപ്പ് ബന്ധപ്പെട്ട ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗിന് അയച്ചു കൊടുക്കേണ്ടതുമാണ് .ബന്ധപ്പെട്ട ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് അവരുടെ കീഴിൽ വരുന്ന ഐ ടി ഐ കളിലെ സ്റ്റോറും സ്റ്റോക്കും 25 % സൂപ്പർ ചെക്ക് നടത്തേണ്ടതും റിപ്പോർട്ട് 2023 മാർച്ച് 31 ന മുൻപ് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ് .

സ്റ്റോറും സ്റ്റോക്കും പരിശോധനയിൽ എന്തെങ്കിലും അപാകതകളോ ബാധ്യതകളോ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനുള്ള നടപടി യഥാസമയം ചെയ്യേണ്ടതാണ് .ഓരോ സ്ഥാപനത്തിലെയും സ്റ്റോറും സ്റ്റോക്കും പരിശോധന റിപ്പോർട്ട് വകുപ്പ് തല / എ ജി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുള്ളതിനാലും വകുപ്പിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം അനുവദിച്ച് നൽകേണ്ടതുള്ളതിനാലും ടി വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കി ശ്രദ്ധ പൂർവം കൃത്യത ഉറപ്പ വരുത്തി റിപ്പോർട്ട് തയ്യാറാക്കേണ്ടതും നിശ്ചയിച്ച സമയ ക്രമം പാലിച്ച് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ് .മുൻ വർഷങ്ങളിൽ പല സ്ഥാപനങ്ങളിൽ നിന്നും അശ്രദ്ധയോടെ സ്റ്റോർ & സ്റ്റോക്ക് പരിശോധന നടത്തി റിപ്പോർട്ടുകൾ അയക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭാവിയിൽ ഇത്തരം സംഭവങ്ങൾ കണ്ടെത്തിയാൽ അതീവ ഗൗരവത്തോടെ നടപടികൾ സ്വീകരിക്കുന്നതാണ് .

MINI MATHEW
ജോയിന്റ് ഡയറക്ടർ (ഇൻ ചാർജ് )

സ്വീകർത്താവ്

1 .സ്പെഷ്യൽ ഓഫീസർ ,SUIT ,കഴക്കൂട്ടം
2 .ജോയിന്റ് ഡയറക്ടർ,മേഖല കേന്ദ്രം ,കണ്ണൂർ
3 .എല്ലാ RI സെന്റർ ,ട്രെയിനിങ് ഓഫീസർ മാരും
4 .എല്ലാ ഐ ടി ഐ പ്രിൻസിപ്പാൾമാരും
5 .പ്രിൻസിപ്പാൾ എ വി ടി എസ് കളമശ്ശേരി
7 .പ്രിൻസിപ്പാൾ ബി ടി സി കൊല്ലം

പകർപ്പ്: 1 എല്ലാ ഐ.ടി.ഐ.മാർക്കും
2. കരുതൽ ഫയൽ